## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.540

19/05/2017-ൽ മറുപടിയ്ക്ക്

**പട്ടികവിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലിനും തൊഴിൽ പരിശീലനത്തിനും പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഒ.ആർ.കേളു**<br>**ശ്രീ.ആർ.രാജേഷ്**<br>**ശ്രീ.യു.ആർ.പ്രദീപ്**<br>**ശ്രീ.മുരളി പെരുനെല്ലി** | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലിനും തൊഴിൽ പരിശീലനത്തിനും മറ്റു മാനവവിഭവശേഷി വികസനത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലിനും തൊഴിൽ പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| ബി) | അഭ്യസ്തവിദ്യരായ പട്ടികഗോത്രവർഗ്ഗ യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും തൊഴിൽ, വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; | ബി) | പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് സ്വയം തൊഴിലിനായി പുതിയ സംരംഭം ങ്ങൾ ആരംഭിക്കുന്നതിന് വകുപ്പ് പ്രോത്സാഹനം നൽകുന്നുണ്ട്. ഇതിനായി ഓരോ അപേക്ഷകനും അയാൾക്ക് താൽപര്യമുള്ള ഒരു പദ്ധതി സമർപ്പിക്കുകയും ആയതിന് തുക അനുവദിക്കുകയുമാണ് 2015-16 വരെ അനുവർത്തിച്ചിരുന്നത്. 2015-16 വർഷത്തെ പ്രസ്തുത പദ്ധതിയിൽ 724 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് 1.88 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നു. 2016-17 വർഷം മുതൽ 640 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാകുന്നതുവരെയുള്ള സഹായം നൽകുന്നതിനായി 334 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ ഘട്ടത്തിലാണ്. |
| സി) | എസ്.സി./എസ്.ടി. സഹകരണ സംഘങ്ങളുടെ പ്രവർത്തനം നവീകരിച്ച് | സി) | പട്ടികജാതി സഹകരണ സംഘങ്ങളുടെ പാരമ്പര്യ ഉത്പന്നങ്ങൾക്കും പട്ടികജാതി സ്വയം സഹായ സംഘങ്ങളുടെ ഉത്പന്നങ്ങൾക്കും വിപണി |

| | | | |
|---|---|---|---|
| | ഗോത്രവർഗ്ഗ ഉൽപ്പന്നങ്ങൾക്കും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ളവയ്ക്കും ലാഭകരമായ വിപണി കണ്ടെത്താൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ? | | കണ്ടെത്തുന്നതിനായി ഗദ്ദിക എന്ന പേരിൽ ഉൽപ്പന്ന പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നുണ്ട്. വരും വർഷങ്ങളിൽ ഗദ്ദിക മേള കൂടുതൽ വിപുലമായി നടത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർ ശേഖരിക്കുന്ന തടിയിതര വന വിഭവങ്ങളിൽ മരുന്നുല്പാദനത്തിന് സാധ്യമായവ യുപയോഗിച്ച് ആയുർവ്വേദ മരുന്നുകൾ നിർമ്മിക്കുന്നതിനായി 'ആ യുർധാര' എന്ന സ്ഥാപനം പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഔഷധ നിർമ്മാണത്തിന് ഉപയോഗിക്കാൻ സാധ്യമല്ലാത്ത വനവിഭവങ്ങൾ ഫെഡറേഷന്റെ ചുമതലയിൽ ലേലം നടത്തി ആയതിന് ലഭിക്കുന്ന തുക സംഭരണത്തിൽ ഏർപ്പെട്ടിരിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് ലഭ്യമാക്കി വരുന്നു.<br>കൂടാതെ പട്ടികവർഗ്ഗ സ്ഥാപനങ്ങൾക്കുള്ള സഹായം എന്ന പദ്ധതിയിൽ 2016-17 വർഷം അമൃത്, പ്രിയദർശിനി, അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി 220 ലക്ഷം രൂപ അനുവദിച്ചു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

പട്ടികജാതിക്കാരുടെ തൊഴിൽപരിശീലനത്തിനും മാനവവിഭവശേഷി വികസനത്തിനുമായി 4000.00/- ലക്ഷം രൂപ 2017-2018 വർഷം വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് മെച്ചപ്പെട്ട അംഗീകൃത പരിശീലന കേന്ദ്രങ്ങൾ/സ്ഥാപനങ്ങൾവഴി യുവാക്കൾക്ക് പരിശീലനം, പൊതുമേഖലാ സ്ഥാപങ്ങളുടേയും മറ്റിതര വകുപ്പുകളുടെ സഹായത്തോടെ സംരംഭകത്വ വികസന പരിശീലനം, പട്ടികജാതി വിഭാഗക്കാർക്ക് മുൻതൂക്കമുള്ള സ്വയംസഹായ സംഘങ്ങൾക്കും പട്ടികജാതി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള സ്വയം സഹായ സംഘങ്ങൾക്കും സ്വയംതൊഴിലിനായുള്ള സാമ്പത്തികസഹായം, വ്യക്തിക്കൾക്കും ഗ്രൂപ്പുകൾക്കും സൂക്ഷ്മസംരംഭങ്ങൾ തുടങ്ങുന്നതിനു പരിശീലനം, കലാകായിക സിനിമാ വർഗ്ഗപരമായ സംസ്കാരം എന്നിവയിൽ കഴിവുതെളിയിച്ചവർക്ക് പരിശീലനം, സ്വയംതൊഴിൽ സബ്സിഡികളുടെ ചെലവുകൾ, നാടൻ കലാമേള, വിവിധ പരീക്ഷകളിലെ എ+ ജേതാക്കൾക്ക് ക്യാഷ് അവാർഡ്, സാഹിത്യോത്സവം, വിദേശത്തു ജോലി തേടുന്ന യുവജനങ്ങൾക്ക് സാമ്പത്തികസഹായം, യുവജനോത്സവങ്ങളിലും മറ്റും എ ഗ്രേഡ് നേടുന്നവർക്ക് അവാർഡ്. സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി, പി.ഇ.റ്റി.സി എന്നിവയ്ക്ക് ധനസഹായം, സ്റ്റാർട്ട് അപ് മിഷന്റെ സഹായത്തോടെ യുവാക്കൾക്ക് സംരംഭകത്വ പരിശീലനം, ഇൻക്യുബേഷൻ സെന്റർ ആരംഭിക്കുന്നതിന് ധനസഹായം, പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി 50% സബ്സിഡിയോടെ മുദ്രലോൺ ലഭ്യമാക്കൽ എന്നിവ ചെയ്യുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ **'പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുളള സഹായം'** എന്ന ശീർഷകത്തിൽ 2017-18ൽ 5/- കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും ഊന്നൽ നൽകുന്നത് നൈപുണ്യ വികസനവും പരമ്പരാഗത തൊഴിൽ പ്രോത്സാഹനവുമാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിനകത്തും പുറത്തുമുളള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ഇതിൽ നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ എന്ന സ്ഥാപനമാണ് പ്രധാനപ്പെട്ടത് കൂടാതെ സർക്കാർ സ്ഥാപനങ്ങളായ മെഡിക്കൽ കോളേജ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, കെൽട്രോൺ, സെന്റർ ഫോർ ബയോപോളിമർ സയൻസ് ടെക്നോളജി, ഇലക്ട്രോണിക് കോർപ്പറേഷൻ, തുടങ്ങി തൊഴിൽ ലഭിക്കാൻ സാധ്യതയുളള കോഴ്സുകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങളിലാണ് പരിശീലനം നൽകിവരുന്നത്.

പരമ്പരാഗത കാർഷിക നൈപുണ്യങ്ങൾ പരിപോഷിപ്പിക്കുന്നതിനായി, മൃഗസംരക്ഷണ വകുപ്പ്, കൃഷിവകുപ്പ്, മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനു പുറമേ ഊരുകൂട്ടങ്ങൾ അംഗീകാരം നൽകുന്ന പദ്ധതികൾക്കായി കോർപ്പസ് ഫണ്ട് ആർട്ടിക്കിൾ 275(1) എസ്. സി.എ.ടു. ടി.എസ്.പി. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരത്തിനു വിധേയമായി പൂൾഡ് ഫണ്ട് തുടങ്ങിയ വിവിധ ഫണ്ടുകൾ ഉപയോഗിച്ചും പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ